# ന്യൂയോർക്ക് പോലീസിന്റെ പുതിയ വെളിപാട്

**ന്യൂയോർക്കിലെ** പോലീസ് ഡിപ്പാർട്ട്മെന്റ് ഈയിടെ വൈറ്റ് ഹൗസ്, സി.ഐ.എ, എഫ്.ബി.ഐ, ഹോംലാന്റ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് എന്നീ സുപ്രധാന അമേരിക്കൻ ഭരണസ്ഥാപനങ്ങൾക്ക് 90 പേജുള്ള ഒരു റിപ്പോർട്ട് സമർപ്പിച്ചു. 15-നും 35-നും ഇടക്ക് പ്രായമുള്ള ഏതൊരു അമേരിക്കൻ മുസ്‌ലിമും മതമൗലികവാദിയാക്കപ്പെടാനും അനന്തരം ഭീകരവാദിയാക്കപ്പെടാനും സാധ്യതയുണ്ട് എന്നാണതിലെ മുന്നറിയിപ്പ്. നാലു ഘട്ടങ്ങളിലൂടെ കടന്നുവന്നാണത്രെ ഒരു ഭീകരൻ ജനിക്കുന്നത്. തൊഴിൽ നഷ്ടപ്പെടുക, വർണ വിവേചനത്തിന് ഇരയാവുക തുടങ്ങിയ വ്യക്തിപരമായ പ്രശ്നങ്ങൾ ഭീകരവാദ ചിന്തകൾ മുളപൊട്ടാൻ അനുകൂലമായ മണ്ണൊരുക്കുന്നു എന്നും റിപ്പോർട്ടിലുണ്ട്. "രണ്ടോ മൂന്നോ വർഷത്തിനകം അവൻ അക്രമപ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞിട്ടുണ്ടാവും."

ഏതൊരു അമേരിക്കൻ മുസ്‌ലിമും ഭീകരരുടെ റിക്രൂട്ടുകളായേക്കുമെന്ന ന്യൂയോർക്ക് പോലീസിന്റെ റിപ്പോർട്ട് മുസ്‌ലിംകളെ മുഴുവൻ സംശയത്തിന്റെ നിഴലിൽ നിർത്തിയിരിക്കുകയാണെന്ന് മനുഷ്യാവകാശ ഗ്രൂപ്പുകളും മുസ്‌ലിം സംഘടനകളും ആരോപിച്ചു. 'വ്യക്തിയുടെ സ്വഭാവശീലങ്ങൾ നന്നാവുക, പുകവലിയും മദ്യപാനവും ചൂതാട്ടവും ഉപേക്ഷിക്കുക ഇവയൊക്കെ മൗലികവാദിയാവുന്നതിന്റെ ലക്ഷണങ്ങളായി കാണുന്ന അത്യന്തം പരിഹാസ്യമായ ഒരു റിപ്പോർട്ടാണിത്'- അമേരിക്കയിലെ മുസ്‌ലിം കൂട്ടായ്മയായ 'കെയറി'ന്റെ ചെയർമാൻ പർവേസ് അഹ്മദ് പറഞ്ഞു. ചില സ്ഥലങ്ങൾ സന്ദർശിക്കുന്നതും ഭീകരവാദിയാവുന്നതിന്റെ ലക്ഷണമാണത്രെ. പള്ളികൾ, കഫേകൾ, ടാക്സി ഡ്രൈവർമാരുടെ താവളങ്ങൾ, വിദ്യാർഥി യൂനിയൻ ഓഫീസുകൾ, ഗവൺമെന്റേതര സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ, പുസ്തകക്കടകൾ ഇവിടെയൊക്കെ കയറിയിറങ്ങുന്ന മുസ്‌ലിമിനെ സൂക്ഷിക്കണം! 'ഇത്തരം അബദ്ധജടിലമായ റിപ്പോർട്ടുകൾ പുറത്തുവിട്ടുകൊണ്ട് അന്യസമുദായങ്ങൾക്ക് മുസ്‌ലിംകളോട് അകൽച്ചയും വിദ്വേഷവും ഉണ്ടാവുന്ന തരത്തിൽ ചില വാർപ്പുമാതൃകകളെ സൃഷ്ടിച്ചുവിടുകയാണ് പോലീസ്'- പർവേസ് കൂട്ടിച്ചേർത്തു. 2006-ൽ 'കെയർ' പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ, ഇത്തരം പ്രചാരണങ്ങൾ വഴി അമേരിക്കയിൽ മുസ്‌ലിംകൾക്കെതിരിലുള്ള അതിക്രമങ്ങൾ 25 ശതമാനം വർധിച്ചതായി വെളിപ്പെടുത്തിയിരുന്നു. ■

# വീണ്ടുമൊരു ഹിസ്ബുല്ല-ഇസ്രയേൽ 'യുദ്ധം'

**ഇസ്രയേൽ** ഭടന്മാരെ പിടികൂടാം, ദക്ഷിണ ലബനാൻ താഴ്‌വരകളിൽ ജൂതസൈന്യവുമായി ഇഞ്ചോടിഞ്ച് പൊരുതാം, ഇസ്രയേലീ നഗരങ്ങളിലേക്ക് കത്യൂഷാ റോക്കറ്റുകൾ വിക്ഷേപിക്കാം, ഇത് കാര്യമല്ല. കളിയാണ്. ലബനാനിലെ ഹിസ്ബുല്ലാ അനുഭാവികളായ ഒരു സംഘം രൂപകൽപന ചെയ്ത കമ്പ്യൂട്ടർ ഗെയിം. Special Force 2 എന്നാണ് പേര്. ഇസ്രയേലും ഹിസ്ബുല്ലയും തമ്മിൽ കഴിഞ്ഞ വർഷം നടന്ന 34 ദിവസ യുദ്ധത്തെ ആസ്പദിച്ചാണ് കളിനിയമങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. 'പ്രതിരോധത്തിന്റെയും ചെറുത്തുനിൽപിന്റെയും സംസ്കാരം കുട്ടികൾക്ക് പകർന്നുനൽകാനാണ് ഞങ്ങളുടെ ശ്രമം. എന്തു വിലകൊടുത്തും ജന്മനാട് സംരക്ഷിക്കണമെന്ന സന്ദേശമാണ് അത് നൽകുന്നത്' - ഹിസ്ബുല്ലയുടെ മീഡിയാ വിഭാഗം വക്താവ് ശൈഖ് അലി ദാഹിർ പറഞ്ഞു.

യഥാർഥ യുദ്ധം നടന്ന പ്രധാന സ്ഥലങ്ങൾ കമ്പ്യൂട്ടർ ഗെയിമിലും അതേ പേരിൽ കടന്നുവരുന്നു. കളിക്കുന്നയാൾ അധിനിവേശത്തെ ചെറുക്കുന്ന പോരാളി (മുജാഹിദ്)യാണ്. ഹിസ്ബുല്ല പ്രയോഗിച്ച അതേ യുദ്ധതന്ത്രങ്ങൾതന്നെയാണ് ഗെയിമിലും. 'യുദ്ധം ജയിക്കുന്നത് തോക്കുകൾ കൊണ്ട് മാത്രമല്ലെന്നും ത്യാഗസന്നദ്ധതയും കൃത്യമായ അടവുകളും അതിന് അനിവാര്യമാണെന്നും ഗെയിം കുട്ടികളെ പഠിപ്പിക്കുന്നു'- ശൈഖ് അലി ദാഹിർ വിശദീകരിച്ചു.

ഇസ്രയേലീ ഭടനെ പിടികൂടുകയോ വധിക്കുകയോ ചെയ്താൽ കളിക്കുന്നവന് ആയുധങ്ങളും പോയിന്റുകളും വർധിച്ചുകൊണ്ടിരിക്കും. ഇത് കുട്ടികളിൽ വിദ്വേഷമുണ്ടാക്കാൻ കാരണമാകുമെന്ന് ചില കേന്ദ്രങ്ങൾ ആരോപിച്ചിട്ടുണ്ട്. ■

# ഹോളിവുഡിൽ യുദ്ധവിരുദ്ധ തരംഗം

**അമേരിക്കയിൽ** അലയടിക്കുന്ന യുദ്ധവിരുദ്ധവികാരം ഹോളിവുഡ് സിനിമകളിലും പ്രതിഫലിക്കുന്നു. വൻ പ്രതിഫലം പറ്റുന്ന താരങ്ങളെ അണിനിരത്തി ഹോളിവുഡ് പുറത്തിറക്കുന്ന അര ഡസൻ സിനിമകളിലെങ്കിലും യുദ്ധവിരുദ്ധത മുഖ്യ പ്രമേയങ്ങളിലൊന്നായി കടന്നുവരുന്നു. 'അമേരിക്കൻ സമൂഹത്തിന്റെ യുദ്ധവിരുദ്ധ മനസ്സിനെ കാണിച്ചുതരുന്നു ഈ ചിത്രങ്ങൾ'- റോഡ് ഐലന്റിലെ ബ്രൗൺ യൂനിവേഴ്സിറ്റിയിൽ 'രാഷ്ട്രമീമാംസയും ബഹുജന മാധ്യമങ്ങളും' എന്ന വിഷയത്തിൽ ഗവേഷകനായ ഡാരൽ വെസ്റ്റ് പറഞ്ഞു.

വരുന്ന ഒക്ടോബറിൽ പ്രദർശനത്തിനെത്തുന്ന Grace is Gone എന്ന ചിത്രം അമേരിക്കയിലെ കുടുംബജീവിതത്തെ യുദ്ധം എങ്ങനെ പിടിച്ചുലച്ചു എന്ന് കാണിച്ചുതരുന്നു. ഭാര്യക്ക് ജോലി സൈന്യത്തിലാണ്. യുദ്ധം ചെയ്യാനായി അവൾ ഇറാഖിലേക്ക് പോകുന്നു. വധിക്കപ്പെടുന്നു. ഈ വാർത്ത അവളുടെ രണ്ട് പെൺമക്കളും അറിഞ്ഞിട്ടില്ല. അവരെ അത് അറിയിക്കാതിരിക്കാൻ അവരുടെ അഛൻ പാടുപെടുന്നു. അദ്ദേഹം മക്കളെയും കൂട്ടി ഒരു ടൂറിന് പോകുന്നു. ഭാര്യ മരിച്ച ദുഃഖം മറക്കാനുള്ള ഒരു വ്യഥാശ്രമം കൂടിയാണ് ഈ 'ഉല്ലാസയാത്ര'. ഇറാഖ് യുദ്ധത്തിൽനിന്ന് തിരിച്ചുവന്ന സൈനികരെ ബാധിച്ച പി.എസ്.ടി.ഡി (Post Traumatic Disorder) എന്ന മാനസിക രോഗത്തിന്റെ അപഗ്രഥനമാണ് The Valley of Elah. യു.എസ് സൈനികർ ഒരു ഇറാഖി കുടുംബത്തെ പീഡിപ്പിക്കുന്ന കഥ പറയുന്നു Redacted.

ഇറാഖിലേക്ക് തിരിച്ചുപോകാൻ വിസമ്മതിക്കുന്ന ഒരു സൈനികന്റെ കഥയാണ് Stop Loss. സി.ഐ.എ അതിന്റെ രഹസ്യ താവളത്തിലേക്ക് പിടിച്ചുകൊണ്ടുപോയ ഒരു ഈജിപ്ഷ്യൻ കെമിക്കൽ എഞ്ചിനീയറുടെ കുടുംബം അനുഭവിക്കേണ്ടിവരുന്ന മാനസിക പീഡനങ്ങളാണ് Rendition എന്ന ചിത്രത്തിന്റെ പ്രമേയം. ടോം ക്രൂയിസ് നായകനാവുന്ന Lions for Lambs എന്ന ചിത്രത്തിലും അമേരിക്കയുടെ അഫ്ഗാൻ- ഇറാഖ് യുദ്ധങ്ങൾ നിശിതമായി ചോദ്യം ചെയ്യപ്പെടുന്നു.

യുദ്ധം നടന്നുകൊണ്ടിരിക്കെ ഇത്രയധികം യുദ്ധവിരുദ്ധ ചിത്രങ്ങൾ റിലീസാവുന്നത് ഹോളിവുഡിന്റെ ചരിത്രത്തിൽതന്നെ ആദ്യം. വിയറ്റ്നാം യുദ്ധകാലത്തും ഇതുപോലുള്ള സിനിമകൾ പുറത്തിറങ്ങിയിരുന്നു. പക്ഷേ അവയിൽ ശ്രദ്ധേയമായ ചിത്രങ്ങളൊക്കെ നിർമിക്കപ്പെട്ടത് യുദ്ധം കഴിഞ്ഞ് മൂന്ന് വർഷത്തിനു ശേഷമാണ്. വിയറ്റ്നാം യുദ്ധവും രണ്ടാം ലോകയുദ്ധവും നടന്നുകൊണ്ടിരിക്കെ നിർമിക്കപ്പെട്ടവയെല്ലാം പ്രോപഗണ്ടാ സിനിമകളായിരുന്നു. അവക്ക് പെന്റഗൺ കൈയയച്ച് ധനസഹായവും നൽകി. അത്തരം ധനസഹായങ്ങൾ സ്വീകരിക്കാതെയാണ് പുതിയ സിനിമകൾ നിർമിക്കപ്പെടുന്നത്. ടോമി ലീ ജോൺസ്, ചാർലിസ് തെറോൺ, സൂസൻ സറൻഡോൺ തുടങ്ങിയ യുദ്ധവിരുദ്ധ പ്രക്ഷോഭത്തിന്റെ മുൻനിരയിലുള്ള നടന്മാരാണ് ഈ സിനിമകളിൽ അഭിനയിക്കുന്നത്. ഇതെല്ലാം ചിത്രങ്ങൾ പ്രമേയത്തോട് ഏറക്കുറെ സത്യസന്ധത പുലർത്തും എന്ന പ്രതീക്ഷക്ക് വകനൽകുന്നു. ■

# മദ്റസകൾ സി.ഐ.എ വലയത്തിൽ

**അമേരിക്കൻ** ചാര സംഘടനയായ സി.ഐ.എയുടെ വലംകൈയായി പ്രവർത്തിക്കുന്ന 'യു.എസ് എയ്ഡ്' എന്ന എൻ.ജി.ഒ ഇന്ത്യയിലെ മദ്റസകൾക്ക് ധനസഹായവുമായി രംഗത്തുവരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പൂർണ പിന്തുണയോടെയാണ് ഈ ഫണ്ടിംഗ് ഏജൻസിയുടെ വരവ്. 'ഭീകരതയുടെയും മതമൗലികവാദത്തിന്റെയും കേന്ദ്രങ്ങളായ' ഇന്ത്യയിലെ ആയിരക്കണക്കിനു മദ്റസകളെ സാമ്രാജ്യത്വ അനുകൂല മനോഭാവത്തിലേക്ക് പരിവർത്തിപ്പിക്കുകയാണ് ഈ ഏജൻസിയുടെ ദൗത്യം.

അമേരിക്കൻ അജണ്ടകൾ ആഗോളതലത്തിൽ നടപ്പാക്കാനുള്ള വലക്കണ്ണികളാണ് ഫണ്ടിംഗ് ഏജൻസികൾ. പല രാജ്യങ്ങളിലും അമേരിക്ക ജനാധിപത്യക്കശാപ്പു നടത്തിയത് ഇത്തരം ഏജൻസികൾ വഴിയാണ്. ഇതിന് ചുക്കാൻ പിടിച്ചതാകട്ടെ ചാര സംഘടനയായ സി.ഐ.എയും. ഇത്തരത്തിൽ അമേരിക്കൻ സർക്കാറിന്റെ പൂർണ പിന്തുണയോടെ പ്രവർത്തിക്കുന്ന ഒരു സർക്കാറിതര ഏജൻസിയാണ് യു.എസ് എയ്ഡ്(യുനൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷ്നൽ ഡെവലപ്മെന്റ്). 1950 മുതൽ 1970 വരെ കാലത്ത് ആഗോളതലത്തിൽ സി.ഐ.എ അവിഹിതമായി ഇടപെട്ടതിന്റെ രഹസ്യ റിപ്പോർട്ട് ഇതിനകം പുറത്തുവന്നിട്ടുണ്ട്. ഇത്തരം രാഷ്ട്രങ്ങളിൽ എൻ.ജി.ഒകൾ എങ്ങനെ പ്രവർത്തിച്ചുവെന്നും റിപ്പോർട്ടിലുണ്ട്. ഇതിൽ പ്രധാന പങ്കുവഹിച്ച എൻ.ജി.ഒ ആണ് യു.എസ് എയ്ഡ് എന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

അമേരിക്കൻ സർക്കാറിന്റെ വേതനം പറ്റുന്ന ജീവനക്കാരുള്ള 'സർക്കാറിതര' ഏജൻസിയാണിത്. അമേരിക്കൻ ബജറ്റിൽനിന്ന് കൃത്യമായ വിഹിതവും ഇതടക്കമുള്ള സംഘടനകൾക്ക് ലഭിക്കാറുണ്ട്.

അഫ്ഗാനിലും ഇറാഖിലും 'ജനാധിപത്യ പരിഷ്കരണത്തിൽ' ഇവരുടെ കരങ്ങൾ പ്രവർത്തിച്ചുണ്ട്. അധിനിവേശാനന്തര സമൂഹത്തിൽ അമേരിക്കൻ അനുകൂല മനോഭാവം സൃഷ്ടിക്കുകയാണ് ഇവിടങ്ങളിൽ ഇവരുടെ ദൗത്യം. ഇതിനവർ പിടിമുറുക്കുന്നതാകട്ടെ വിദ്യാഭ്യാസ മേഖലയിലും. പാകിസ്താനിലെ വിദ്യാഭ്യാസ പരിഷ്കരണത്തിലും മദ്റസാ നവീകരണത്തിലും നൽകിയ സംഭാവനകൾ സംഘടനയുടെ രേഖകൾ എടുത്തുപറയുന്നുണ്ട്.

ഭീകരവിരുദ്ധ വേട്ടയിൽ പാകിസ്താൻ പോലെത്തന്നെ അമേരിക്കക്ക് താൽപര്യമുള്ള രാജ്യമാണ് ഇന്ത്യയും. ഭീകരവിരുദ്ധ പോരാട്ടത്തിൽ അമേരിക്കക്ക് പൂർണ പിന്തുണ നൽകിയ രാജ്യം എന്ന് സംഘടന തന്നെ ഇന്ത്യയെ വിശേഷിപ്പിക്കുന്നുണ്ട്.

അമേരിക്കൻ ഏജൻസികൾക്ക് മദ്റസകളുടെ കവാടങ്ങൾ തുറക്കപ്പെടുന്നതോടെ ഒരുവിധ പരിഷ്കരണത്തിനും ഇടം നൽകാതെ മദ്റസകൾ അമേരിക്കയുടെ വിത്തു ഗവേഷണ കേന്ദ്രങ്ങളായി മാറും. അവിടെനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് സ്വന്തം സംസ്കാരത്തെ കുറിച്ചോ ദൗത്യത്തെ കുറിച്ചോ ഒരുവിധ ധാരണയും ഉണ്ടായിരിക്കില്ല. ഈ തിരിച്ചറിവ് മുസ്‌ലിം നേതൃത്വത്തിന് ഇല്ലാതെപോയാൽ സംഭവിക്കുന്ന ദുരന്തം ഭീകരമായിരിക്കും. ■

**ടി.ജഅ്ഫർ**